ॐ



ശ്രവണം കീർത്തനം വിഷ്ണോ: സ്മരണം പാദസേവനം
അർച്ചനം വന്ദനം ദാസ്യം സഖ്യമാത്മനിവേദനം (7-5-23)
ഇതി പുംസാർപ്പിതാ വിഷ്ണൌ ഭക്തിശ്ചേന്നവലക്ഷണാ
ക്രിയതേ ഭഗവത്യദ്ധാ തന്മന്യേƒധീതമുത്തമം (7-5-24)

*നാരദൻ തുടർന്നു:*
ഹിരണ്യകശിപു തൻെറ പുത്രനായ പ്രഹ്ലാദനെ അസുരഗുരുവായ ശുക്രാചാര്യൻെറ പുത്രന്മാരെ ചുമതലപ്പെടുത്തി വിദ്യാഭ്യാസത്തിനയച്ചു. കുറച്ചു കാലം കഴിഞ്ഞ് കൊട്ടാരത്തിലെത്തിയ മകനോട് രാജാവ് ചോദിച്ചു: "പറയൂ, എന്തിനെയാണ് നീ നന്മ എന്നതുകൊണ്ട് വിവക്ഷിക്കുന്നത്?" ബാലൻ സംശയമന്യേ പറഞ്ഞു: "ഒരുവൻ സ്വന്തം വീടുപേക്ഷിച്ചു പോകണം. കാരണം വീടാണ് ഒരുവന് 'ഞാൻ' 'എൻെറ' തുടങ്ങിയ തേന്നലുകൾ ഉണ്ടാക്കുവാനിടയാക്കുന്നത്. വീടുവിട്ട് ഭഗവാൻ വിഷ്ണുവിൻെറ പാദാരവിന്ദങ്ങളിൽ അഭയം തേടുകയാണ് ഏറ്റവും നല്ല കാര്യം. "രാജാവ് പ്രഹ്ലാദനെ സ്കൂളിലേക്ക് തിരിച്ചയച്ചു. അദ്ധ്യാപകരോട് ഇതുപോലുള്ള നിഷേധപ്രമാണങ്ങളൊന്നും പഠിപ്പിക്കരുതെന്ന് മുന്നറിയിപ്പും നൽകി. അദ്ധ്യാപകർക്ക് പ്രഹ്ലാദൻ എവിടെനിന്നാണ് സിദ്ധാന്തങ്ങൾ പഠിക്കുന്നതെന്ന് അറിയില്ലായിരുന്നു. പ്രഹ്ലാദൻ പറഞ്ഞു. "അജ്ഞാനത്തിൽ നിന്നും വൈവിദ്ധ്യമെന്ന മോഹത്തിൽനിന്നും മോചനം കിട്ടുന്നത് ഭഗവൽകൃപയാൽ മാത്രമാണ്. ആ കൃപ ഒന്നുകൊണ്ടു മാത്രമാണ് എൻെറ മനസ്സ് തന്നിഷ്ടപ്രകാരം ഭഗവൽപാദങ്ങളിൽ വസിക്കുന്നത്." അദ്ധ്യാപകർ ഏതായാലും അവൻെറ ധിക്കാരത്തിന് തക്ക ശിക്ഷ നൽകി. അധാർമ്മീകതയും നിരീശ്വരവാദവും തുടർന്നും പഠിപ്പിച്ചു.

വീണ്ടും കുമാരൻ കൊട്ടാരത്തിൽ മടങ്ങിയെത്തിയപ്പോൾ. അഛൻ സ്നേഹപൂർവ്വം പാഠങ്ങളെപ്പറ്റി ചോദിച്ചു. പ്രഹ്ലാദൻ സംശയലേശമെന്യേ പറഞ്ഞു. "അച്ഛാ ഏറ്റവും ഉയർന്ന വിദ്യാഭ്യാസമെന്നത് ഭഗവാൻ വിഷ്ണുവിൽ ഭക്തിയുണ്ടാക്കുക എന്നതാണ്. ഒൻപതു തരത്തിലുള്ള പ്രവൃത്തികൾ കൊണ്ട് മനസ്സിൽ ഭക്തിയുണ്ടാക്കിയെടുക്കാം. ശ്രവണം, കീർത്തനം, സ്മരണം, പാദസേവനം, അർച്ചനം, വന്ദനം, ദാസ്യം, സഖ്യം, ആത്മനിവേദനം (പരിപൂർണ്ണസമർപ്പണം) എന്നിങ്ങനെയാണത്. രോഷാകുലനായ രാജാവ് മകനെ വലിച്ചെറിഞ്ഞ്, അവനെ ഇതു പഠിപ്പിച്ച അദ്ധ്യാപകരേതെന്ന് ചോദിച്ചലറി. പ്രഹ്ലാദൻ സ്വയം പറഞ്ഞു. "അദ്ധ്യാപകർ കുറ്റക്കാരല്ല. ലൗകീക കാര്യങ്ങളിൽ ആസക്തരായവരുടെ മനസ്സ്, ഭഗവൽപ്പദങ്ങളിലേക്ക് ആകർഷിക്കപ്പെടുകയില്ല. ദിവ്യപുരുഷന്മാരുടേയും പുണ്യാത്മാക്കളായ ഭക്തരുടേയും പാദധൂളിയിൽ കുളിച്ച് ശുദ്ധീകരിക്കപ്പെടുമ്പോൾ മാത്രമേ ഒരുവൻെറയുള്ളിൽ ഭക്തിയുദിക്കുകയുള്ളൂ."

സ്വന്തം പുത്രനിൽ മരണം ദർശിച്ച രാജാവ് അവനെ ഉപേക്ഷിക്കുകയും വധിക്കാൻ കൽപ്പിക്കുകയും ചെയ്തു. അയാൾ സേവകന്മാരോട് പറഞ്ഞു. "സ്വന്തം ബന്ധുമിത്രാദികൾക്ക് നേരെ പുറംതിരിച്ചു കൊണ്ട് അവൻ അമ്മാവനെ കൊന്നവൻെറ ഭക്തനായിരിക്കുന്നു." പുത്രൻ തൻെറ തന്നെ ശരീരഭാഗമാണെങ്കിലും രോഗം വന്ന ഭാഗം മുറിച്ചു മാറ്റുന്ന ന്യായത്തിൽ ഹിരണ്യകശിപു അവനെ ഉപേക്ഷിച്ചു. രാജസേവകർ അവനെ പലേവിധ ആയുധങ്ങളാൽ ആക്രമിച്ചു. പലരീതികൾ പ്രയോഗിച്ചു വധിക്കാൻ ശ്രമിച്ചു. മലയിൽ നിന്നുരുട്ടി താഴേക്കിടുക, ആനയെകൊണ്ടു ചവിട്ടിച്ചു കൊല്ലാൻ നോക്കുക, കാറ്റ്, തീയ്, വെള്ളപൊക്കം, പാറക്കല്ലുകൾ, വിഷം എന്ന്വേണ്ട എല്ലാ മാർഗ്ഗങ്ങളും പ്രഹ്ലാദനെ കൊല്ലാൻ ഉതകിയില്ല. രാജാവ് വിഷണ്ണനായി. ശുക്രാചാര്യൻെറ പുത്രന്മാർ അദ്ദേഹത്തെ സമാധാനപ്പെടുത്തി. "ബാലനെ കാര്യമായി എടുക്കേണ്ടതില്ല. വലുതാകുമ്പോൾ അവൻ ബാലിശമായ സിദ്ധാന്തങ്ങളെല്ലാം ഉപേക്ഷിച്ചു കൊള്ളും. അല്ലെങ്കിൽ ഞങ്ങളുടെ അഛൻ ശുക്രാചാര്യൻ തിരിച്ചു വരട്ടെ. അദ്ദേഹത്തിൻെറ കീഴിൽ ഈ നിഷേധവിശ്വാസങ്ങളെല്ലാം അവൻ ഉപേക്ഷിക്കും." ബാലൻ സ്കൂളിലേക്ക് തിരിച്ചുപോയി. അദ്ധ്യാപകർ മൂന്ന് ലൗകീക ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കിയുള്ള വിദ്യാഭ്യാസം തുടർന്നു നൽകി. കടമ, സാമ്പത്തികശാസ്ത്രം, ഉല്ലാസം (ലളിതകല) എന്നിവയെ അടി്ഥാനമാക്കിയുള്ള വിദ്യാഭ്യാസത്തിൽ പ്രഹ്ലാദന് തീരെ താൽപര്യ മുണ്ടായിരുന്നില്ല. അവൻെറ ചിന്ത മുഴുവൻ ഈശ്വരനിലായിരുന്നു.